മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 26

# വാർത്താക്കുറിപ്പ്

---

## 'റിങ്ക് ഡെമോ ഡേ' നാളെ (ഫെബ്രുവരി 28)

മഹാത്മാഗാന്ധി സർവ്വകലാശാല കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന റിങ്ക് (റിസർച്ച് ഇന്നോവേഷൻ നെറ്റ്വർക്ക് കേരള) ഡെമോ ഡേ പരിപാടി നാളെ ( ഫെബ്രുവരി - 28) രാവിലെ 10ന് നടക്കും. ഓൺലൈനായി നടത്തുന്ന പരിപാടിയിൽ എം.ജി. സർവ്വകലാശാലയിൽ നിന്നുള്ള എട്ട് ഗവേഷണ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ബന്ധപ്പെട്ട ഗവേഷകർ ഈ ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദമായ അവതരണം നടത്തുകയും ചെയ്യും.
ഗവേഷണ ഉൽപന്നങ്ങൾ വാണിജ്യ സംരംഭങ്ങളിലേക്ക് കൈമാറ്റം ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. സ്റ്റാർട്ടപ്പുകളുമായും ഗവേഷകരുമായും നിക്ഷേപകരെ ബന്ധിപ്പിക്കുക വഴി സംസ്ഥാനത്തെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഉത്പാദന പ്രക്രിയ നവീകരിക്കുക എന്ന ലക്ഷ്യവും പരിപാടിക്കുണ്ട്. ഗവേഷണ രംഗത്തെ കേരളത്തിൻ്റെ സാധ്യതകൾ വ്യാവസായിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു പരിപാടി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരിപാടിയിൽ പങ്കെടുക്കുന്നതിനും വിശദവിവരങ്ങൾക്കും http://rinkdemo.startupmission.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/225/2022)

## പരീക്ഷാ കേന്ദ്രം

മാർച്ച് രണ്ടിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. / ബി.കോം. (2020 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാ കേന്ദ്രങ്ങൾ സംബന്ധിച്ച വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സംബന്ധിച്ച മറ്റ് വിവരങ്ങൾക്ക് ടാബുലേഷൻ സെക്ഷനുകളുമായി ബന്ധപ്പെടുക.

ഫോൺ : ബി.കോം - 0481-2733690, 0481-2733605
ബി.എ. - 0481-2733555

(പി.ആർ.ഒ./39/226/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ വെറ്ററിനേറിയൻ തസ്തികയിലേക്ക് പ്രതിമാസം 35,000 രൂപ വേതനത്തിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. വെറ്ററിനറി സയൻസസിൽ ബിരുദവും, കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്കും, റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം. ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമുള്ള അപേക്ഷ

soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് മൂന്ന്. വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ നം. 8078820260.

(പി.ആർ.ഒ./39/227/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം - എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ, 2013-2014, 2015-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/228/2022)

2021 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ - എൽ.എൽ.ബി. (2015, 2012-2014, 2011 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/229/2022)

2021 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ - എൽ.എൽ.ബി. (2017 അഡ്മിഷൻ - റെഗുലർ, 2013-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ ഫീസടച്ച് മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/230/2022)

2021 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ. (2000-2008 അഡ്മിഷൻ - സ്പെഷ്യൽ മേഴ്സി ചാൻസ് / അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് - 2018) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ - (www.mgu.ac.in).

(പി.ആർ.ഒ./39/231/2022)

2021 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ഐ.എം.സി.എ (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 11 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം.

(പി.ആർ.ഒ./39/232/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ